**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്- വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ജനറൽ മാനേജർമാരുടെ പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ ഒരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.5915/2018/ധന.** തിരുവനന്തപുരം, തീയതി **11/07/2018**

പരാമർശം:- 1. ജി.ഒ. (ആർ.റ്റി)നമ്പർ 526/18/വ്യ.വ. സർക്കാർ ഉത്തരവ്
2. 04/07/2018 തീയതിയിലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ ടി.സി.ടി.4/20419/17 നമ്പരായുള്ള കത്ത്.
3. ഭരണ വകുപ്പ് ഫയൽ നം. IND-B2/91/2018/IND Computer No. 807076

**ഉത്തരവ്**

കേരളത്തിലെ സൂക്ഷ്മ -ചെറുകിട -ഇടത്തരം സംരംഭകർക്കുള്ള ഇൻഷുറൻസ് പദ്ധതിക്ക് പരാമർശം 1-ലെ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും "2851-00-102-35(പി)" എന്ന ശീർഷകത്തിൽ 1 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമാകുന്ന ഗുണഭോക്താക്കളിൽ നിന്നുള്ള വിഹിതം ശേഖരിക്കുന്നതിനായി ചുവടെ പട്ടികയിൽ കാണുന്ന 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ജനറൽ മാനേജർമാരുടെ പേരിൽ ഒരോ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനുള്ള സർക്കാർ അനുമതിയ്ക്കായി വ്യവസായ വാണിജ്യ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

| Directorate of Industries & Commerce | | | |
|---|---|---|---|
| **Sl.no** | **Name of Office** | **Account Holder** | **Name of Treasury** |
| 1 | District Industries Centre, Thiruvananthapuram | General Manager | Sub Treasury, Vellayambalam |
| 2 | District Industries Centre, Kollam | General Manager | District Treasury, Kollam |
| 3 | District Industries Centre, Alappuzha | General Manager | District Treasury, Alappuzha |
| 4 | District Industries Centre, Pathanamthitta | General Manager | Sub Treasury, Kozhenchery |
| 5 | District Industries Centre, Kottayam | General Manager | District Treasury, Kottayam |
| 6 | District Industries Centre, Idukki | General Manager | Sub Treasury, Painav |
| 7 | District Industries Centre, Ernakulam | General Manager | District Treasury, Ernakulam |
| 8 | District Industries Centre, Thrissur | General Manager | District Treasury, Thrissur |
| 9 | District Industries Centre, | General Manager | District Treasury, |

| | | | |
|---|---|---|---|
| | Palakkad | | Palakkad |
| 10 | District Industries Centre, Malappuram | General Manager | District Treasury, Malappuram |
| 11 | District Industries Centre, Kozhikode | General Manager | District Treasury, Kozhikode |
| 12 | District Industries Centre, Wayanad | General Manager | District Treasury, Wayanad |
| 13 | District Industries Centre, Kannur | General Manager | District Treasury, Kannur |
| 14 | District Industries Centre, Kasaragode | General Manager | District Treasury, Kasaragode |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം, ടി പദ്ധതിയിൽ അംഗമാകുന്ന ഗുണഭോക്താക്കളിൽ നിന്നുള്ള വിഹിതം ശേഖരിച്ച് നിക്ഷേപിക്കുന്നതിലേക്കായി 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ജനറൽ മാനേജർമാരുടെ പേരിൽ മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്നതിൻ പ്രകാരം ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
വ്യവസായ വാണിജ്യ ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം
വ്യവസായ വാണിജ്യ വകുപ്പ് (e-file No: IND-B2/91/2018/IND Computer No. 807076 പ്രകാരം)
ധനകാര്യ (IND&PW-A) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ